I/133703/2023

**മോട്ടോർ വാഹന വകുപ്പ് , കേരളം**
**ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം**
തീയതി: 30-06-2023

പ്രേഷകൻ : ട്രാൻസ്പോർട്ട് കമ്മീഷണർ
കേരളം

സ്വീകർത്താവ്: എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം:- ***മോട്ടോർ വാഹന വകുപ്പ്*** – സംസ്ഥാനത്തെ എല്ലാ കെ.എസ്.ആർ.ടി.സി, സ്വകാര്യ സ്റ്റേജ് കാര്യേജുകളിലും നിരീക്ഷണ ക്യാമറ ഘടിപ്പിക്കുന്നതിനുള്ള അവസാന തീയതി നീട്ടി നൽകിയത് അറിയിക്കുന്നത് - സംബന്ധിച്ച്

സൂചന :-
1. ഈ ഓഫീസിൽ നിന്നുള്ള 16.02.2023, 28.02.2023, 31.03.2023 എന്നീ തീയതികളിലെ ഇതേ നമ്പർ കത്തുകൾ
2. ശ്രീ. എസ് അനിൽ, ബഹു.ഗതാഗത വകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി-യുടെ 30.06.2023– ലെ കുറിപ്പ്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചനയിലെ 31.03.2023 – ലെ കത്ത് പ്രകാരം സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന എല്ലാ കെ.എസ്.ആർ.ടി.സി, സ്വകാര്യ സ്റ്റേജ് കാര്യേജുകളിലും 30.06.2023 നുള്ളിൽ വാഹനത്തിന്റെ മുൻവശം, ഉൾവശം, പിൻവശം എന്നിവ കാണത്തക്ക രീതിയിൽ നിരീക്ഷണ ക്യാമറകൾ ഘടിപ്പിക്കേണ്ടതാണെന്ന് അറിയിച്ചിരുന്നു. എന്നാൽ ഇപ്പോൾ ബഹു.ഗതാഗത വകുപ്പ് മന്ത്രിയുടെ നിർദ്ദേശ പ്രകാരം ക്യാമറകൾ ഘടിപ്പിക്കുന്നതിനുള്ള അവസാന തീയതി 30.09.2023 വരെ നീട്ടി നൽകിയിട്ടുള്ളതായി അറിയിക്കുന്നു.

ടി പ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപിപ്പിച്ച് 30.09.2023 ന് എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

Signed by
Shaji Madhavan
Date: 30-06-2023 16:09:59

SHAJI MADHAVAN
SENIOR DEPUTY TRANSPORT COMMISSIONER

I/133703/2023